പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3667 20.06.2019 ൽ മറുപടിക്ക്

# ഓച്ചിറ സി.എച്ച്.സി.യുടെ നവീകരണം

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഓച്ചിറ സി.എച്ച്.സി.യുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഓച്ചിറ സി.എച്ച്.സി.യിൽ നിലവിൽ രാവിലെയും, വൈകുന്നേരവും ഒ.പി., ലാബ്, ഫാർമസി എന്നീ സൗകര്യങ്ങൾ ഉണ്ട്. 5 ഡോക്ടർമാരും, 2 സ്റ്റാഫ് നേഴ്സും ഉള്ള ടി സ്ഥാപനത്തിൽ പ്രതിദിന ശരാശരി ഒ.പി.250 ആണ്. |
| (ബി) | ഇവിടെ കിടത്തി ചികിത്സാ സൗകര്യം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും, പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും നിലവിലുള്ള ആശുപത്രികളെ കൂടുതൽ രോഗീസൗഹൃദമാക്കി ആരോഗ്യ രംഗത്ത് മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഓരോ ആശുപത്രിയിലെയും കുറവുകൾ പരിശോധിച്ച് അവയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മെച്ചപ്പെടുത്തിയെടുക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ആർദ്രം പദ്ധതിയിൽ ഈ ആരോഗ്യ കേന്ദ്രത്തെയും ഉൾപ്പെടുത്തുന്ന ഘട്ടത്തിൽ ഇവിടുത്തെ കുറവുകൾ പരിഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | നിലവിൽ ഈ ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിലുള്ള സേവനങ്ങൾ ലഭ്യമാണെന്ന് വിശദീകരിക്കുമോ; | (സി) | ഓച്ചിറ സി.എച്ച്.സി.യിൽ രാവിലെയും വൈകുന്നേരവും ഒ.പി.പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫാർമസി, ലാബ്, ഒപ്റ്റോമെട്രി, ഫിസിയോതെറാപ്പി, എൻ.സി.ഡി.ക്ലിനിക്, പാലിയേറ്റീവ് കെയർ പബ്ലിക് ഹെൽത്ത് ആക്ടിവിറ്റീസ്, ആർ.എൻ.റ്റി.സി.പി. എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. |
| (ഡി) | പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേണും നിലവിലെ ജീവനക്കാരുടെ വിവരവും ലഭ്യമാക്കുമോ? | (ഡി) | നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഒരു ഫാർമസിസ്റ്റിനേയും ഒരു പാലിയേറ്റീവ് നഴ്സിനെയും കോൺട്രാക്ട്/ ദിവസവേതനാടിസ്ഥാനത്തിൽ ഇവിടെ നിയമിച്ചിട്ടുണ്ട്.<br>ഓച്ചിറ സി.എച്ച്.സി.യിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഓച്ചിറ സി.എച്ച്.സി-യിലെ സ്റ്റാഫ് പാറ്റേൺ

| | തസ്തിക | അനുവദിച്ചത് | നിലവിൽ ഉള്ളത് | ഒഴിവ് |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് സർജൻ | 5 | 5 | 0 |
| 2 | ഹെൽത്ത് സൂപ്പർവൈസർ | 1 | 1 | 0 |
| 3 | പി.എച്ച്.എൻ | 1 | 1 | 0 |
| 4 | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | 0 |
| 5 | ജെ.എച്ച്.ഐ ഗ്രേഡ്-1 | 2 | 2 | 0 |
| 6 | ജെ.എച്ച്.ഐ ഗ്രേഡ്-2 | 2 | 2 | 0 |
| 7 | ജെ.പി.എച്ച്.എൻ ഗ്രേഡ്-1 | 3 | 2 | 1 |
| 8 | ജെ.പി.എച്ച്.എൻ ഗ്രേഡ്-2 | 2 | 3 | 0 |
| 9 | ഫാർമസിസ്റ്റ് ഗ്രേഡ്-1 | 1 | 1 | 0 |
| 10 | സ്റ്റാഫ് നേഴ്സ് ഗ്രേഡ്-1 | 1 | 1 | 0 |
| 11 | സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2 | 1 | 1 | 0 |
| 12 | ഒപ്റ്റോമെട്രിസ്റ്റ് | 1 | 0 | 1 |
| 13 | ലാബ് ടെക്നീഷ്യൻ | 1 | 1 | 0 |
| 14 | ക്ലാർക്ക് | 2 | 2 | 0 |
| 15 | ഡ്രൈവർ | 1 | 1 | 0 |
| 16 | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 0 |
| 17 | നഴ്സിംഗ് അസിസ്റ്റന്റ് | 2 | 2 | 0 |
| 18 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2 | 2 | 1 | 1 |
| 19 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 | 0 |
| 20 | പി.എച്ച്.എൻ.എസ് | 1 | 0 | 1 |

24/06/19

24/6/19

സെക്ഷൻ ഓഫീസർ